**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 462** **05-10-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസവായ്പ എടുത്ത് തിരിച്ചടവ് മുടങ്ങിയവർക്കായി മുൻ സർക്കാർ ആരംഭിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയിലുൾപ്പെടുത്തി എത്രപേർക്ക് എത്ര രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ 20,933 അപേക്ഷകർക്ക് 207.29 കോടി രൂപ സർക്കാർ സഹായമായി അനുവദിച്ചിട്ടുണ്ട്. പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| (ബി) | എന്നുമുതൽ വായ്പ എടുത്തിരുന്നവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് അറിയിക്കുമോ; | (ബി) | രണ്ട് തരത്തിലുള്ള വായ്പാ അക്കൗണ്ടുകൾക്കാണ് വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ സഹായം അനുവദിച്ചു വരുന്നത്. സ്റ്റാൻഡേർഡ് കാറ്റഗറി അക്കൗണ്ടുകളും NPA കാറ്റഗറി അക്കൗണ്ടുകളും. 2012 ഏപ്രിൽ 1 നും 2016 മാർച്ച് 31 നും ഇടയിൽ തിരിച്ചടവ് തുടങ്ങിയതും 2016 മാർച്ച് 31 നകം NPA ആകാത്തതുമായ അക്കൗണ്ടുകളാണ് സ്റ്റാൻഡേർഡ് കാറ്റഗറിയിൽപ്പെടുന്നത്. തിരിച്ചടവ് തുടങ്ങിയ തീയതി പരിഗണിക്കാതെ 2016 മാർച്ച് 31 നകം NPA ആയ എല്ലാ അക്കൗണ്ടുകളും NPA കാറ്റഗറിയിൽ ഉൾപ്പെടുന്നു. |
| (സി) | കൊറോണയടക്കം വിവിധ പ്രതിസന്ധികൾ മൂലം വരുമാനത്തിൽ വൻ ഇടിവ് ഉണ്ടായതുമൂലം വിദ്യാഭ്യാസ വായ്പാ കുടിശ്ശിക ഉണ്ടായിട്ടുള്ള മുഴുവൻ പേർക്കും ആശ്വാസം ലഭിക്കുംവിധം ഈ പദ്ധതി പുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | വിദ്യാഭ്യാസവായ്പാ തിരിച്ചടവ് സഹായ പദ്ധതി പുനരാരംഭിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ